# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.08.2025**

### പ്രധാനവാർത്തകൾ

1) ഇന്ത്യൻ നാവികസേനയുടെ ആധുനിക യുദ്ധക്കപ്പലുകൾ ഐഎൻഎസ് ഉദയ്ഗിരിയും, ഹിമഗിരിയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ് കമ്മീഷൻ ചെയ്തു. ഇന്ത്യൻ കപ്പൽ നിർമാണ ശാലകളുടെ ശേഷി ഇതിലൂടെ വ്യക്തമാകുന്നതായി രാജ്യരക്ഷാമന്ത്രി.

2) **GST** പരിഷ്കരണം സംബന്ധിച്ച കേരളത്തിൻറെ ആശങ്കകൾ **GST** കൗൺസിൽ യോഗത്തിൽ ഉന്നയിക്കുമെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ.

3) സംസ്ഥാന സർക്കാരിൻറെ സൗജന്യ ഓണക്കിറ്റ് വിതരണത്തിൻറെ ഉദ്ഘാടനം മന്ത്രി ജി.ആർ. അനിൽ നിർവഹിച്ചു. റേഷൻ കടകളിലൂടെ ഓണക്കിറ്റുകൾ നാളെ മുതൽ വിതരണം ചെയ്യും

4) പൊന്നോണത്തിൻറെ വരവറിയിച്ച് ഇന്ന് അത്തം. ഓണപ്പെരുമയോതി തൃപ്പൂണിത്തുറയിൽ അത്തച്ചമയ ഘോഷയാത്ര നടന്നു.

5) സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

6) കെസിഎല്ലിൽ കൊച്ചി ബ്ലൂ ടൈഗേഴ്സിനെതിരെ , തൃശൂർ ടൈറ്റൻസിന് 5 വിക്കറ്റ് വിജയം.

&&&&&&&&&&&&&&&&&&

**<u>രാജ്നാഥ് സിങ്ങ്</u>**

ഇന്ത്യൻ നാവികസേനയുടെ നൂതന യുദ്ധക്കപ്പലുകളായ ഐഎൻഎസ് ഉദയ്ഗിരിയും, ഹിമഗിരിയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്തു. ആത്മനിർഭർ ഭാരത്, മേക്ക് ഇൻ ഇന്ത്യ സംരംഭങ്ങളുടെ വിജയമാണിതെന്ന് രാജ്യരക്ഷാമന്ത്രി ചടങ്ങിൽ പറഞ്ഞു. അത്യാധുനിക യുദ്ധക്കപ്പലുകൾ നിർമിക്കാനുള്ള ഇന്ത്യൻ കപ്പൽ നിർമാണ ശാലകളുടെ ശേഷി ഇതിലൂടെ വ്യക്തമാകുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി. ഉദയഗിരി മുംബൈയിലെ കപ്പൽ നിർമാണ ശാലയിലും, ഹിമഗിരി കൊൽക്കത്തയിലുമാണ് നിർമിച്ചത്.ശിവാലിക് ക്ലാസ്സിൽപ്പെട്ട ഇരു കപ്പലുകളും നാവികസേനയുടെ വാർഷിപ്പ് ഡിസൈൻ ബ്യൂറോയാണ് രൂപകൽപ്പന ചെയ്തത്.

RNU TVPM

&&&&&&&&&&&&&&&&&&

**<u>GST- കെ. എൻ. ബാലഗോപാൽ</u>**

കേന്ദ്ര സർക്കാർ മുന്നോട്ടു വെച്ച GST പരിഷ്കരണം സംസ്ഥാന സർക്കാറുകളെ പ്രതിസന്ധിയിലാക്കുമെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ. അടുത്തമാസം ചേരുന്ന GST കൗൺസിൽ യോഗത്തിൽ കേരളത്തിൻറെ ആശങ്കകൾ ഉന്നയിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. GST യിൽ പെട്ടെന്നുണ്ടാകുന്ന കുറവ് ക്ഷേമ പദ്ധതികളെ ഉൾപ്പെടെ ബാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകണം എന്ന

നിർദ്ദേശം കേരളം മുന്നോട്ടു വയ്ക്കും. നികുതിയിൽ ഉണ്ടാകുന്ന കുറവിൻറെ ഗുണം സാധാരണക്കാർക്ക് കിട്ടുമോ എന്ന കാര്യത്തിൽ ആശങ്കയുണ്ടെന്നും അദ്ദേഹം പറഞ്ഞു .

&&&&&&&&&&&&&&&&&&

## ഓണക്കിറ്റ്

സംസ്ഥാന സർക്കാരിൻറെ സൗജന്യ ഓണക്കിറ്റ് വിതരണത്തിൻറെ ഉദ്ഘാടനം മന്ത്രി ജി.ആർ.അനിൽ തിരുവനന്തപുരത്ത് നിർവഹിച്ചു . എ.എ.വൈ റേഷൻ കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾ ക്കുമാണ് 14 ഇനം അവശ്യ വസ്തുക്കൾ അടങ്ങിയ കിറ്റ് നൽകുന്നത്. 6 ലക്ഷത്തി 32,910 കിറ്റുകളാണ് ഇക്കുറി വിതരണം ചെയ്യുന്നതെന്ന് മന്ത്രി പറഞ്ഞു. റേഷൻ കടകളിൽ നിന്ന് സൗജന്യ ഓണക്കിറ്റുകൾ നാളെ മുതൽ വിതരണം ചെയ്യും. രണ്ടാം തീയതിയോടെ വിതരണം പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും തിരക്ക് ഒഴിവാക്കാൻ മൂന്നും നാലും തീയതികളിലും കിറ്റുകൾ ലഭ്യമാക്കും.

RNUTVPM

&&&&&&&&&&&&&&&&&&

## തൊഴിലുറപ്പ് തൊഴിലാളികളുടെ ഓണസമ്മാനം

തൊഴിലുറപ്പ് തൊഴിലാളികളുടെ ഓണസമ്മാനം 200 രൂപ വർദ്ധിപ്പിച്ച് 1,200 രൂപയാക്കി സംസ്ഥാന സർക്കാർ. 5 ലക്ഷത്തി 26,000-ത്തോളം തൊഴിലാളികൾക്കാണ് ആനുകൂല്യം ലഭിക്കുക.

&&&&&&&&&&&&&&&&&&

## അരി വിതരണം

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായ എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ഓണത്തിന് മുന്നോടിയായി നാല് കിലോ അരി സൗജന്യമായി വിതരണം ചെയ്യുന്നതിൻറെ

സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. സംസ്ഥാനമൊട്ടാകെ 24.7 ലക്ഷം കുട്ടികൾക്കാണ് ഇതിൻറെ പ്രയോജനം ലഭിക്കുക .

&&&&&&&&&&&&&&&&&&

## ഓണാഘോഷം

പൊന്നോണത്തിൻറെ വരവറിയിച്ച് ഇന്ന് അത്തം. അടുത്ത പത്ത് ദിവസവും വീട്ടുമുറ്റത്ത് പൂക്കളമിട്ട് മലയാളികൾ ഓണത്തെ വരവേൽക്കും. ഓണപ്പെരുമ വിളിച്ചറിയിച്ച് തൃപ്പൂണിത്തുറയിൽ ഇന്ന് വർണാഭമായ അത്തച്ചമയ ഘോഷയാത്ര നടന്നു. സംസ്ഥാന സർക്കാരിൻറെ ഓണാഘോഷങ്ങൾക്ക് സമാരംഭം കുറിച്ചുള്ള അത്തച്ചമയത്തിൻറെ ഉദ്ഘാടനം മന്ത്രി എംബി രാജേഷ് നിർവഹിച്ചു. പ്ലാസ്റ്റിക്കിനെ പൂർണമായും ഒഴിവാക്കി ഹരിത ചട്ടങ്ങൾ പാലിച്ച് വേണം ഇക്കുറി ഓണാഘോഷങ്ങൾ നടത്താനെന്ന് മന്ത്രി അഭ്യർത്ഥിച്ചു. ചടങ്ങിൽ മന്ത്രി പി. രാജീവ് അത്തപതാക ഉയർത്തി. തിരുവോണം വരെ നീളുന്ന 10 നാൾ ഇനി ആഘോഷത്തിൻറെ ഉത്സവനാളുകൾക്കാണ് മലയാളക്കര സാക്ഷ്യം വഹിക്കുക.

&&&&&&&&&&&&&&&&&&

## പൂക്കളം -തൃശ്ശൂർ (ഇൻട്രോ)

വടക്കുംനാഥൻറെ തെക്കേഗോപുരനടയിൽ തുടർച്ചയായ പതിനെട്ടാം വർഷവും തൃശൂർ സായാഹ്ന സൗഹൃദ കൂട്ടായ്മയുടെ അത്തപ്പൂക്കളം ഒരുങ്ങി.. 60 അടി വ്യാസത്തിൽ 1,500 കിലോ പൂക്കൾ ഉപയോഗിച്ചാണ് പടുകൂറ്റൻ പൂക്കളം ഒരുക്കിയത്.

RNU TVPM

വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്........

(ഹോൾഡ്)

&&&&&&&&&&&&&&&&&&

**കൺസ്യൂമർ ഫെഡ്**

കൺസ്യൂമർഫെഡ് ഓണം സഹകരണ വിപണിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു. 13 ഇനം നിത്യോപയോഗ സാധനങ്ങളാണ് സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ഇതിലൂടെ പൊതുവിപണിയിലെത്തിച്ചിരിക്കുന്നത്. മറ്റ് ഉൽപ്പന്നങ്ങൾ 10% മുതൽ 30% വരെ വിലക്കുറവിലും കൺസ്യൂമർഫെഡ് ചന്തകളിൽ ലഭ്യമാകും.

&&&&&&&&&&&&&&&&&&

**കുടുംബശ്രീ - ഓണം വിപണന മേള**

കുടുംബശ്രീ ഓണം വിപണന മേളയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം.ബി രാജേഷ് മറ്റന്നാൾ തൃശൂരിൽ നിർവഹിക്കും. കുടുംബശ്രീ കർഷക സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കാർഷികോൽപന്നങ്ങളും ഭക്ഷ്യ-ഭക്ഷ്യേതര ഉൽപന്നങ്ങളും ഇതിലൂടെ വിപണിയിലെത്തിക്കും. സെപ്റ്റംബർ നാല് വരെയാണ് മേളകൾ.

&&&&&&&&&&&&&&&&&&

**വെളിച്ചെണ്ണ പിടികൂടി**

ഓപ്പറേഷൻ ലൈഫിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി വെളിച്ചെണ്ണ ഉത്പാദന വിപണന കേന്ദ്രങ്ങളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് വീണ്ടും മിന്നൽ പരിശോധനകൾ നടത്തി.

7 ജില്ലകളിൽ നിന്നായി 4,513 ലിറ്റർ വ്യാജമെന്ന് കരുതുന്ന വെളിച്ചെണ്ണ പിടികൂടിയതായി മന്ത്രി വീണാ ജോർജ്

PNU TVPM

അറിയിച്ചു. ഒന്നര ആഴ്ച മുമ്പ് നടത്തിയ പരിശോധനകളിൽ 16,565 ലിറ്റർ വെളിച്ചെണ്ണ പിടികൂടിയിരുന്നു.

&&&&&&&&&&&&&&&&&&&

## ജോർജ് കുര്യൻ

കേരളത്തിന് കേന്ദ്രം നൽകിക്കൊണ്ടിരുന്നത്
ഒരു ലക്ഷത്തി പതിനെണ്ണായിരം മെട്രിക് ടൺ ധാന്യങ്ങളാണെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. കൂടാതെ ഓണത്തിന് ആറ് മാസത്തേക്ക് അരി അഡ്വാൻസായും കേന്ദ്രം അനുവദിച്ചിട്ടുണ്ട് . കേന്ദ്രം നൽകുന്നതിൻറെ ക്രെഡിറ്റ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതായും അദ്ദേഹം വിമർശിച്ചു. ജനങ്ങളുടെ അവകാശമായതിനാൽ
കേന്ദ്രം ഇതിൽ അവകാശവാദമുന്നയിക്കാറില്ലെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

RNUTVPM

&&&&&&&&&&&&&&&&&&&

## തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ്

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ ആദ്യഘട്ട പരിശോധന സംസ്ഥാനത്ത് പൂർത്തിയായി. 14 ജില്ലകളിലെ 21 കേന്ദ്രങ്ങളിലാണ് പരിശോധന നടന്നത്. ജൂലൈ 25 ന് ആരംഭിച്ച പരിശോധന ഒരു മാസം കൊണ്ടാണ് പൂർത്തിയാക്കിയത്.

&&&&&&&&&&&&&&&&&&&

## വയനാട് തുരങ്കപ്പാത (INTRO)

വയനാട് മേപ്പാടി കള്ളാടി- ആനക്കാംപൊയിൽ തുരങ്കപ്പാത നിർമാണത്തിനുള്ള പ്രാരംഭ പ്രവൃത്തികൾക്ക് തുടക്കമായി. പ്രധാന റോഡിൻ്റെ 300 മീറ്റർ അകലെ നിന്നാണ് തുരങ്ക നിർമാണം ആരംഭിക്കുക. തുരങ്കപാതയുടെ നിർമ്മാണ

ഉദ്ഘാടനം ഈ മാസം 31ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.....

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് .....................

&&&&&&&&&&&&&&&&&&

## തെരുവ് നായയുടെ കടിയേ റ്റു

ഷൊർണ്ണൂരിൽ  തെരുവ് നായയുടെ കടിയേറ്റ സ്കൂൾ വിദ്യാർത്ഥിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരീക്ഷ കഴിഞ്ഞിറങ്ങിയ വിദ്യാർത്ഥിയുടെ കയ്യിൽ തെരുവുനായ കടിക്കുകയായിരുന്നു. ഇതര സംസ്ഥാന തൊഴിലാളികളായ ദമ്പതികളുടെ മകനായ 9 വയസ്സുകാരനെയാണ് നായ ആക്രമിച്ചത്.

&&&&&&&&&&&&&&&&&&

## ഒഴുക്കിൽ പെട്ടു

പത്തനംതിട്ട കല്ലറക്കടവിൽ അച്ചൻകോവിലാറ്റിൽ ഒഴുക്കിൽപ്പെട്ട രണ്ട് വിദ്യാർത്ഥികളിൽ ഒരാളുടെ മൃതദേഹം കണ്ടെത്തി. അഞ്ചക്കാല സ്വദേശിയായ 9-ആം ക്ലാസ് വിദ്യാർത്ഥി  അജ്സൽ അജിയുടെ മൃതദേഹമാണ് കണ്ടെത്തിയത്. കൊന്നമൂട് സ്വദേശി നബീൽ നിസാമിനായി തിരച്ചിൽ തുടരുകയാണ്.

RNUTVPM

&&&&&&&&&&&&&&&&&&

## ജില്ലയിൽ പ്രാദേശിക അവധി

നെഹ്റു ട്രോഫി വള്ളംകളി ദിനമായ  ഈമാസം 30 ശനിയാഴ്ച ആലപ്പുഴ  ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി അനുവദിച്ച് ജില്ലാ കളക്ടർ ഉത്തരവിട്ടു. പൊതുപരീക്ഷകൾ മുൻ നിശ്ചയ പ്രകാരം നടക്കും.

&&&&&&&&&&&&&&&&&&

**മഴ കേരളം**

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**കെ സി എൽ**

കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് നടന്ന ആദ്യ മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സിനെതിരെ തൃശൂർ ടൈറ്റൻസിന് അഞ്ച് വിക്കറ്റ് ജയം. കൊച്ചി ഉയർത്തിയ 189 റൺസ് വിജയലക്ഷ്യം തൃശൂർ അവസാനപന്തിൽ മറികടക്കുകയായിരുന്നു. രണ്ടാം മത്സരത്തിൽ ആലപ്പി റിപ്പിൾസ് അല്പസമയത്തിനകം കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസുമായി ഏറ്റുമുട്ടും .

&&&&&&&&&&&&&&&&&&

**ലിഫ്റ്റിൽ കുടുങ്ങിയവരെ രക്ഷപ്പെടുത്തി**

തിരൂർ റെയിവേസ്റ്റേഷനിൽ ലിഫ്റ്റിൽ കുടുങ്ങിയ 7 യാത്രക്കാരെ റെയിൽവേ പോലീസും ഫയർഫോഴ്സും ചേർന്ന് രക്ഷപ്പെടുത്തി. മൂന്നു മണിക്കൂർ നേരത്തെ ശ്രമത്തിനൊടുവിലാണ് ലിഫ്റ്റിൻറെ മേൽഭാഗം മുറിച്ച് മാറ്റി യാത്രക്കാരെ രക്ഷപ്പെടുത്തിയത്. സാങ്കേതിക തകരാർ മൂലമാണ് ഇന്ന് രാവിലെ 8.50 ഓടെ ലിഫ്റ്റ് തകരാറിലായത് .

&&&&&&&&&&&&&&&&&&

**ആശ്വാസകിരണം**

ഓണത്തോടനുബന്ധിച്ച് ആശ്വാസകിരണം പദ്ധതിയിലെ അർഹരായ ഗുണഭോക്താക്കൾക്കായി എട്ടു കോടി

RNU TVPM

എഴുപത്തിയഞ്ച് ലക്ഷത്തിലധികം രൂപ അനുവദിച്ചതായി മന്ത്രി ആർ ബിന്ദു. 2025 ആഗസ്റ്റ് വരെയുള്ള മുഴുവൻ ധനസഹായവും ഇതിലൂടെ അനുവദിച്ചതായി മന്ത്രി അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കാസർഗോഡ് ജില്ലകളിലെ അർഹരായ ഗുണഭോക്താക്കൾക്ക് പത്തു മാസത്തെ ധനസഹായവും മറ്റു ജില്ലകളിലെ ഗുണഭോക്താക്കൾക്ക് പതിനൊന്നു മാസത്തെ ധനസഹായവും ബാങ്ക് അക്കൗണ്ടുകളിൽ ഒരുമിച്ച് ലഭിക്കും.

&&&&&&&&&&&&&&&&&&

<u>വീണാ ജോർജ്</u>

മെഡിക്കൽ കോളേജുകളിൽ ശുചീകരണത്തിന് ഇൻഹൗസ് പരിശീലനം നടപ്പാക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. അണുബാധാ നിയന്ത്രണത്തിന്റെ ഭാഗമായ പരിശീലനം ജീവനക്കാർ നേടിയിരിക്കണമെന്നും മന്ത്രി പറഞ്ഞു. മാലിന്യമുക്തം നവകേരളം, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം സംസ്ഥാനതല ശില്പശാല തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM